പീലിയുടെ ഗ്രാമം

പാഠാസൂത്രണം

വിഷയം : തീയതി :

ക്ലാസ് :5 പിരീഡ് :

പഠനലക്ഷ്യങ്ങൾ

*പഠിതാക്കൾ തന്റെയും സഹപാഠിയുടെയും സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന് പഠിതാക്കൾ വിവിധ ജീവിത പശ്ചാത്തലം മനസ്സിലാക്കുന്നതിലൂടെ ശിശു സൗഹൃദ സ്കൂൾ പഠനാനുഭവങ്ങൾ വികസിപ്പിക്കാൻ സാധിക്കുന്നതിന്

*സന്തോഷം തരുന്ന അനുഭവങ്ങൾ ഉൾക്കൊണ്ട് താൻ അതിൽ പങ്കാളിയാവുന്നു എന്ന് പഠിതാക്കൾ തിരിച്ചറിയുന്നതിന്

*തങ്ങൾക്ക് ഹിതകരമല്ലാത്ത അനുഭവങ്ങളെ തിരിച്ചറിയുന്നതിന്

*പഠിതാക്കളുടെ അനുഭവങ്ങളിലെ സന്തോഷയിടങ്ങളെ സ്വയം കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും

*സന്തോഷാനുഭവങ്ങളുടെ ആവർത്തനങ്ങൾക്കുള്ള അവസരങ്ങൾ നൽകുന്നതിന്

*പഠിതാക്കൾക്ക് തന്റെ ഇടപെടൽ സാധ്യമാകുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്

*ഭാവനാപൂർണമായും സൃഷ്ടിപരമായും സമൂഹത്തിൽ ഇടപെടാനുള്ള ശേഷി ആർജിക്കുന്നതിന്

*ലളിതസമൂഹങ്ങളുടെ സംസ്കാരത്തെ മനസ്സിലാക്കുകയും അത്തരം സമൂഹങ്ങളിലെ ആനന്ദത്തിന്റെയും മൈത്രിയുടെയും ഘടകങ്ങളെ പങ്കുവയ്ക്കലും കരുതലും മൂല്യങ്ങൾ എന്ന നിലയിൽ സ്വാംശീകരിക്കുന്നതിന്

*ജൈവ സമൂഹങ്ങളെ പരിചയപ്പെടുത്തുന്നതിലൂടെ പഠിതാവിലെ അന്യവൽക്കരണത്തിന്റെ തോത് ലഘൂകരിക്കുന്നതിന്

ആശയങ്ങൾ / ധാരണകൾ

വ്യത്യസ്ത ജീവിത പശ്ചാത്തലം

ഗ്രാമ സവിശേഷതകൾ

വ്യക്തിയും കുടുംബവും പരിസ്ഥിതിയും മാർക്കറ്റും തമ്മിലുള്ള പരസ്പരബന്ധം

സന്തോഷത്തെ നിലനിർത്തൽ, പങ്കുവെക്കൽ,കരുതൽ, തുല്യത,ലളിത സമൂഹം, ജൈവ സമൂഹം

ശേഷികൾ /നൈപുണ്യ കൾ

-പങ്കുവയ്ക്കൽ -കരുതൽ

-ആശയ വിനിമയം മൂല്യങ്ങൾ/ മനോഭാവങ്ങൾ

-തുല്യത

-സഹകരണം -മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരൽ

പഠനസാമഗ്രികൾ

ടെക്സ്റ്റ് ബുക്ക്, കുട്ടികളെ പരിചയപ്പെടുത്തി കൊണ്ടുള്ള കാർഡ് ,ചിത്രങ്ങൾ ഭക്ഷ്യവിഭവങ്ങൾ, യാത്രാഗാനം ചാർട്ടുകൾ , വരയ്ക്കാൻ ആവശ്യമായ സാമഗ്രികൾ

ഐസിടി ആനുകാലിക പ്രസിദ്ധീകരണങ്ങൾ ,ഡിജിറ്റൽ ഉപകരണങ്ങൾ,

പ്രതീക്ഷിത ഉത്പന്നങ്ങൾ

സെമിനാർ, ആൽബം തയ്യാറാക്കൽ, കത്ത് ,അഭിമുഖ ചോദ്യാവലി, കുറിപ്പുകൾ ,

ഗ്രാമത്തിന്റെ ചിത്രം, കുട്ടികൾ തയ്യാറാക്കിയ വീഡിയോ

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| രണ്ടുമാസത്തെ അവധിക്കാലത്തിനു ശേഷം സ്കൂൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങി.നിങ്ങളുടെ അവധിക്കാലം എങ്ങനെ ചിലവഴിച്ചു?<br>വിനോദയാത്ര പോയിരുന്നോ...?<br>വിശേഷങ്ങൾ പങ്കുവെയ്ക്കൽ<br>ഗ്രാമക്കാഴ്ചയുടെ വീഡിയോ/ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br>വിഡിയോയിൽ/ ചിത്രത്തിൽ കണ്ട ഗ്രാമത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ<br>നിങ്ങളുടെ ഗ്രാമത്തിലെ കാഴ്ചകൾ ഉൾപ്പെടുത്തി ഒരു ചിത്രം വരയ്ക്കൂ.....<br>നിറം കൊടുക്കാൻ മറക്കല്ലേ...<br>കൂട്ടുകാരേ,<br>അവധിക്കാലം തീരാൻ പോവുകയാണ് അതിനുമുമ്പ് പീലി സഹപാഠികളെ തന്റെ ഗ്രാമത്തിലേക്ക് ക്ഷണിച്ചിട്ടുണ്ട്.ഗ്രാമം സന്ദർശിക്കാനുള്ള ഒരുക്കത്തിലാണ് പീലിയുടെ കൂട്ടുകാരായ നാലു പേർ.നിങ്ങൾക്കും യാത്രകൾ ഇഷ്ടമല്ലേ? നമുക്കും അവർക്കൊപ്പം പീലിയുടെ ഗ്രാമത്തിൽ ഒന്ന് പോയി വന്നാലോ?<br>പീലിയുടെ കൂട്ടുകാർ. ആരൊക്കെയാണിവർ?<br>അനിമേഷൻ വീഡിയോ<br>പേജ് 8 വായന<br>ടീച്ചർ സ്വയം പരിചയപ്പെടുത്തുന്നു.<br>കൂട്ടത്തിലെ അഞ്ചാമത്തെ ആളായി നിങ്ങളെ വരച്ചുചേർത്ത് സ്വയം പരിചയപ്പെടുത്തൂ...<br>നമ്മുടെ സ്കൂളിൽ മറ്റു സംസ്ഥാനങ്ങളിലെ കുട്ടികൾ പഠിക്കുന്നുണ്ടോ?<br>നമ്മുടെ നാട്ടിൽ താമസിക്കുന്നുണ്ടോ?<br>കുട്ടികളുടെ പ്രതികരണം<br>പേജ് 8 വായന<br>നമുക്ക് വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കിയാലോ?<br>പ്രൊഫൈലിൽഎന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണം?<br>🌈പേര് | |

🌈പ്രാഥമിക വിവരങ്ങൾ (അച്ഛൻ, അമ്മ, മറ്റ് അംഗങ്ങൾ, മേൽവിലാസം, രക്ഷിതാക്കളുടെ തൊഴിൽ )

*🌈നിങ്ങളുടെ ഹോബി
🌈ഒഴിവുസമയം ചെലവഴിക്കുന്ന രീതികൾ
🌈ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ
🌈 വീട്ടിലെ വളർത്തുമൃഗങ്ങൾ
🌈 കൃഷി

വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കൽ
അവതരണം
പോർട്ട് ഫോളിയോയിലേക്ക്
വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന നീനു, അപ്പു, വിക്കി, ചമേലി എന്നിവർ പീലിയുടെ ഗ്രാമത്തിലേക്ക് യാത്ര പോവുകയാണ്. അവർക്ക് വീട്ടിൽ നിന്നും അനുവാദം കിട്ടിയിട്ടുണ്ടാവുമോ?
കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു.
ഗ്രൂപ്പ് 1-നീനു
ഗ്രൂപ്പ് 2-അപ്പു
ഗ്രൂപ്പ് 3 -വിക്കി
ഗ്രൂപ്പ് 4-ചമേലി

താഴെ പറയുന്ന സൂചകങ്ങൾ വെച്ചുകൊണ്ട് സ്കിറ്റ് അവതരിപ്പിക്കുന്നു
*ഇവരുടെ കുടുംബസാഹചര്യങ്ങൾ
*യാത്രയ്ക്കുള്ള അനുമതിക്ക് വേണ്ടിയുള്ള ശ്രമങ്ങൾ
*അനുമതി കിട്ടിയതിലുള്ള സന്തോഷം
ഗ്രൂപ്പ് -5- പീലി
കൂട്ടുകാരെ സ്വീകരിക്കുവാനുള്ള പീലിയുടെ വീട്ടിലെ ഒരുക്കങ്ങൾ
സ്കിറ്റ് അവതരണം
ഒടുവിൽ എല്ലാവർക്കും രക്ഷിതാക്കളുടെ സമ്മതം കിട്ടി. അവർ വീണ്ടും കണ്ടുമുട്ടിയപ്പോൾ എന്തൊക്കെ ആശങ്കകളായിരിക്കും പങ്കുവെച്ചിട്ടുണ്ടാവുക.?
**യാത്രയ്ക്കൊരുങ്ങാം**
പേജ് 9 വായന
നിങ്ങളും ഇവർക്കൊപ്പം യാത്രയ്ക്ക് ഒരുങ്ങിയിരിക്കുകയല്ലേ?
നിങ്ങൾക്കും ഉണ്ടാവില്ലേ ചില ആശങ്കകൾ?
നിങ്ങളെ വരച്ചു ചേർത്ത് നിങ്ങളുടെ ചിന്തകൾ എഴുതിച്ചേർക്കൂ...
വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്ന് വന്ന ഇവർ എങ്ങനെയാവും ഇത്ര അടുപ്പമുള്ള കൂട്ടുകാരായത്?
ചർച്ച
വിദ്യാലയത്തിലൂടെ സാമൂഹീകരണം എങ്ങനെയെല്ലാം സാധ്യമാകുന്നു?
-വ്യത്യസ്ത സാഹചര്യങ്ങളിലുള്ള കുട്ടികളുമായുള്ള ഇടപഴകൽ

| | |
|---|---|
| -പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യം<br>-തുല്യത ഉറപ്പുവരുത്തൽ<br>-ഉൾച്ചേർന്ന വിദ്യാഭ്യാസം<br>-വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധം<br>നിങ്ങൾ യാത്ര പോകുമ്പോൾ എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്താറുണ്ട്?<br>വ്യക്തിഗതമായി രേഖപ്പെടുത്തൽ<br>റാൻഡം അവതരണം.<br>യാത്രയ്ക്ക് മുമ്പ് ആ യാത്രയെ കുറിച്ചുള്ള നിങ്ങളുടെ ചിന്തകൾ<br>എന്തൊക്കെയായിരിക്കും?<br>പങ്കുവയ്ക്കൽ<br>നോട്ട്ബുക്കിൽ കുറിക്കൽ<br>യാത്രയ്ക്കൊരുങ്ങുന്ന പീലിയുടെ<br>കൂട്ടുകാരുടെ ബാഗിലെ വസ്തുക്കളും<br>അവരുടെ ചിന്തകളും പരിചയപ്പെടാം.പേജ് 11 ,12 വായന<br>നിങ്ങൾ എന്തെല്ലാം സാധനങ്ങൾ<br>യാത്രയ്ക്കായി കരുതും? എന്തെല്ലാം<br>കാര്യങ്ങളാണ് നിങ്ങൾ ആലോചിക്കുക?<br>നിങ്ങളുടെ ബാഗും സാധനങ്ങളും വരച്ച് ചിന്തയും എഴുതി അവതരിപ്പിക്കുക.<br>അങ്ങനെ അവർ പീലിയുടെ ഗ്രാമത്തിലേക്ക് യാത്ര പുറപ്പെട്ടു.<br>"ഒന്നാം മല കേറിപ്പോകേണ്ടേ..."<br>യാത്രാഗാനം പാടുന്നു.<br>ഇതുപോലുള്ള യാത്രാഗാനങ്ങൾ<br>അറിയാമോ?<br>അവ ശേഖരിച്ച് ക്ലാസിൽ സംഘമായി<br>അവതരിപ്പിക്കൂ...<br>നോട്ട് ബുക്കിലേക്ക്<br>യാത്രാഗാനങ്ങൾ ശേഖരണം<br>അവതരണം<br>പോർട്ട് ഫോളിയോയിലേക്ക്<br>അങ്ങനെ അവർ പീലിയുടെ<br>ഗ്രാമത്തിലെത്തി. വഴിവക്കിൽ പീലി ഇവർ വരുന്നതും കാത്ത് നിൽക്കുകയായിരുന്നു.<br>അപ്പു :അതാ പീലി!<br>പീലി :എത്ര നേരമായി ഞാൻ ഇവിടെ<br>കാത്തു നിൽക്കുന്നു. എന്താ ഇത്ര<br>വൈകിയത്?<br>എന്തായിരിക്കും അപ്പുവിന്റെ മറുപടി.?<br>ടി ബി പേജ് 15 ൽ അപ്പുവിന്റെ<br>പ്രതികരണം എഴുതി ചേർക്കൂ...<br>തുടർപ്രവർത്തനം<br>നിങ്ങളുടെ മറുപടി എന്തായിരിക്കും?<br>വ്യക്തിഗതമായി രേഖപ്പെടുത്തൽ<br>എങ്ങനെയായിരിക്കും പീലിയുടെ ഗ്രാമം?<br>പീലിയുടെ ഗ്രാമത്തെ കുറിച്ച് നിങ്ങളുടെ<br>പ്രതീക്ഷകൾ എന്തെല്ലാം?<br>ഓരോരുത്തരുടെയും പ്രതീക്ഷകൾ<br>സ്വതന്ത്രമായി തയ്യാറാക്കൽ<br>അവതരണം. | |

| | |
|---|---|
| പീലിയുടെ ഗ്രാമത്തിന്റെ ഒരു ഭാവനാചിത്രം നോട്ട് ബുക്കിൽ വരച്ചു നോക്കൂ...<br>നിങ്ങൾ ഇന്ന് രാവിലെ എന്തു ഭക്ഷണമാണ് കഴിച്ചത്?<br>എന്തൊക്കെ ഭക്ഷണമാണ് വീട്ടിൽ നിന്ന് കഴിക്കാറുള്ളത്?<br>രേഖപ്പെടുത്തൽ (വ്യക്തിഗതം )<br>റാൻഡം അവതരണം<br>BB യിലേക്ക്<br>ഇവയെല്ലാം നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്നവയാണോ?<br>നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്നവ, അന്യനാട്ടിൽ നിന്നും കൊണ്ടുവരുന്നവ എന്നിങ്ങനെ തരം തിരിക്കുന്നു.<br>പട്ടിക വിപുലപ്പെടുത്തുന്നു.<br>പേജ് 15,16,17 ലെ സംഭാഷണങ്ങൾ<br>വ്യക്തിഗതവായന<br>മനസ്സിലാക്കിയ കാര്യങ്ങൾ പങ്കുവയ്ക്കൽ<br>പങ്കുവയ്ക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ചർച്ച<br>-പീലിയുടെ അച്ഛന് കൃഷിപ്പണിയാണ്<br>-- അവരുടെ വീട്ടിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ അവർ തന്നെ കൃഷി ചെയ്യുന്നു.<br>--നെല്ല്,കപ്പ(മരച്ചീനി) തുടങ്ങിയവ കൃഷി ചെയ്യുന്നു.<br>-- പുഴമീൻ ഉപയോഗിക്കുന്നു.<br>-- വീട്ടുജോലികൾ അച്ഛനും അമ്മയും പങ്കിട്ടു ചെയ്യുന്നു.<br>ഗ്രാമത്തിന്റെ കൂടുതൽ വിശേഷങ്ങൾ അറിയണ്ടേ?<br>പീലിയുടെ അച്ഛനുമായി അഭിമുഖം.<br>അതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കിയാലോ?<br>വ്യക്തിഗതമായി തയ്യാറാക്കൽ<br>ഗ്രൂപ്പിൽ അവതരണം<br>പൊതു അവതരണം.<br>താഴെപ്പറയുന്ന ആശയങ്ങൾ ഉറപ്പിക്കുന്ന ചോദ്യങ്ങൾ ഉണ്ടാകണം<br>-കൃഷി<br>-പ്രധാനവിളകൾ<br>-മറ്റു തൊഴിലുകൾ<br>-- സ്വയം പര്യാപ്തത -വിത്തുകൾ - ജൈവവളങ്ങൾ<br>**നാടൻ വിഭവങ്ങൾ പങ്കുവെക്കൽ**<br>കുട്ടികൾ തങ്ങളുടെ പരിസരത്തു നിന്നും ലഭിക്കുന്ന കാർഷിക വിഭവങ്ങൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ പങ്കുവെയ്ക്കൽ<br>വീട്ടിൽ നിന്നും ഉണ്ടാക്കിയ ഭക്ഷ്യവിഭവങ്ങൾ, അതിലെ ചേരുവകൾ എന്നിവ വിശദീകരിക്കുന്നു.<br>പേജ് 18 വായന | |

| | |
|---|---|
| വിക്കിയുടെ അഭിപ്രായം നിങ്ങൾ കേട്ടില്ലേ?<br>എന്താണ് നിങ്ങൾക്ക് അതിനെക്കുറിച്ച് പറയാനുള്ളത്?<br>മൊബൈൽ ഫോണിന്റെ ഗുണങ്ങൾ എന്തെല്ലാം?<br>ചർച്ച<br>ഗാനങ്ങൾ കേൾക്കാം വീഡിയോ എടുക്കാം ബാങ്ക് ഇടപാടുകൾ നടത്താം<br>അറിവ് ശേഖരണം ചർച്ചകൾ,സല്ലാപം നടത്താം<br>പരസ്യം ചെയ്യാം ഓൺലൈൻ പഠനം<br>കോവിഡ് കാലത്ത് നടത്തിയ ഓൺലൈൻ പഠനം....<br>ഓൺലൈൻ ഗെയിം കളിക്കുന്നതുകൊണ്ട് എന്തെങ്കിലും ദോഷമുണ്ടോ?<br>ചർച്ച<br>ക്രോഡീകരണം<br>*ആവർത്തന ദൂഷ്യം (ഒരേ കാര്യം ആവർത്തിച്ചു ചെയ്യുമ്പോൾ തലച്ചോർ ഉപയോഗിക്കേണ്ടി വരുന്നില്ല )<br>*ആസക്തി പ്രവണത<br>(അമിതമായി സമയം ചെലവഴിക്കുന്നു, ഉത്പാദനക്ഷമത കുറയുന്നു )<br>*പണനഷ്ടം<br>*സുരക്ഷാ അപകടങ്ങൾ<br>** അക്രമം (പബ്ജി,ഫ്രീ ഫയർ തുടങ്ങിയ ഗെയിമുകൾ ആക്രമണോൽസുകത ഉണ്ടാക്കുന്നു.)<br>മോശം ആരോഗ്യം -മോശം ഭാവം<br>-ബ്രെയിൻ ട്യൂമർ -അർബുദം -<br>-ഉറക്കം<br>കാർപൽ ടണൽ സിൻഡ്രോം (കൈകളുടെ ചലനത്തെ സഹായിക്കുന്ന മീഡിയൻ നെർവുകൾക്ക് ഏൽക്കേണ്ടി വരുന്ന സമ്മർദ്ദം മൂലം കൈകൾക്കുണ്ടാകുന്ന രോഗം)<br>*തലവേദന<br>*കണ്ണിനു ബുദ്ധിമുട്ട് *വിഷാദം<br>*കേൾവി (ഇയർ ബാലൻസ് )<br>എന്തുകൊണ്ടാവാം ഒരേ നഗരത്തെ പറ്റി വിക്കിയും അപ്പുവും രണ്ടുതരം അഭിപ്രായം പറഞ്ഞിട്ടുണ്ടാവുക?<br>ചർച്ച<br>ക്രോഡീകരണം<br>നഗരത്തിലെ വ്യത്യസ്ത പ്രദേശങ്ങളിലാണ് അവർ താമസിക്കുന്നത് നഗരത്തിലും ചേരിയിലും.<br>സൗകര്യങ്ങൾ വ്യത്യസ്തമാണ്<br>രണ്ടുപേരുടെയും ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്<br>പേജ് 19 വായന<br>നിങ്ങളും ജീവിതത്തിൽ സന്തോഷത്തിന്റെ നിമിഷങ്ങൾ അനുഭവിച്ചിട്ടുണ്ടാകുമല്ലോ? | |

| | |
|---|---|
| ഏതൊക്കെ സന്ദർഭങ്ങളിലാണ്, എന്തൊക്കെ ലഭിച്ചാലാണ് നിങ്ങൾക്ക് സന്തോഷം ഉണ്ടാവുക?<br>സ്കൂളിലെ ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെ 'എന്റെ സന്തോഷങ്ങൾ 'എന്ന പേരിൽ ഒരു സെൽഫി വീഡിയോ തയ്യാറാക്കൂ..<br>തുടർ പ്രവർത്തനം<br>നിങ്ങളുടെ വീട്ടിലെ ഏറ്റവും സന്തോഷകരമായ സന്ദർഭം<br>'വീട്ടിൽ എന്റെ സന്തോഷങ്ങൾ ' സെൽഫി വീഡിയോ തയ്യാറാക്കൽ<br>**ഗ്രാമഭംഗി**<br>കുടുംബശ്രീ ചന്തകളുടെ ചിത്രം പ്രദർശിപ്പിക്കുന്നു<br>ഇത്തരം ചന്തകൾ നിങ്ങൾ കണ്ടിട്ടുണ്ടോ..?<br>ഇവയുടെ പ്രത്യേകത എന്താണ്?<br>എന്തൊക്കെയാണ് വില്പനക്ക് വെച്ചിരിക്കുന്നത്?<br>ഓണം,റംസാൻ പോലെയുള്ള വിശേഷ അവസരങ്ങളിൽ കുടുംബശ്രീ നടത്തുന്ന ചന്തകൾ ഉണ്ട് അവർസ്വന്തമായി ഉണ്ടാക്കിയ ഉൽപ്പന്നങ്ങളാണ് വിറ്റഴിക്കുന്നത്<br>ചർച്ച<br>**പേജ് 20 വായന**<br>പീലിയുടെ ഗ്രാമത്തിലെ ഗ്രാമവാസികളുടെ പ്രധാന തൊഴിലുകൾ എന്തെല്ലാം?<br>എന്തൊക്കെ ഭക്ഷ്യവസ്തുക്കൾ അവിടെ ഉത്പാദിപ്പിക്കുന്നു?<br>ചർച്ച<br>**ക്രോഡീകരണം**<br>ഗ്രാമവാസികൾ ഉല്പാദിപ്പിക്കുന്ന വസ്തുക്കളാണ് പീലിയുടെ ഗ്രാമത്തിലെ ചന്തയിൽ കാണുന്നത്. നമ്മുടെ നാട്ടിലെ ചന്തയിൽ കാണുന്ന വസ്തുക്കൾ കൂടുതലും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പീലിയുടെ ഗ്രാമത്തിലെ ചന്തയിൽ കാണുന്നില്ല.<br>ഇതുപോലെ നിങ്ങളുടെ ഗ്രാമത്തിലും ചന്തകൾ ഉണ്ടോ?<br>ആഴ്ചച്ചന്തകൾ കണ്ടിട്ടുണ്ടോ?<br><br>നിങ്ങളുടെ നാട്ടിൽ ആഴ്ചച്ചന്തകൾ, സ്ഥിരം ചന്തകൾ, വൈകുന്നേരച്ചന്തകൾ എന്നിവയൊക്കെ ഉണ്ടാകുമല്ലോ?<br>ഇത്തരം ചന്തകളിൽ എന്തൊക്കെ ഉണ്ടാകും?<br>ചർച്ച<br>മുതിർന്നവരുടെ ഒപ്പം സന്ദർശിച്ച് അവിടത്തെ ഇടപാടുകൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൂ...<br>അച്ഛൻ പീലിയുടെ കൂട്ടുകാർക്ക് എന്തെല്ലാം സമ്മാനങ്ങളാണ് നൽകിയത്? | |

| | |
|---|---|
| ഓല, കടലാസ് തുടങ്ങിയവകൊണ്ട് എന്തെല്ലാം വസ്തുക്കൾ ഉണ്ടാക്കാൻ അറിയാം.?<br>ഉണ്ടാക്കിയവ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>നിങ്ങളുടെ ഒഴിവുസമയങ്ങൾ എങ്ങനെയാണ് ചെലവഴിക്കാറ്?എന്തുകൊണ്ടാണ് ഇത്തരം വിനോദങ്ങൾ നിങ്ങൾ തെരഞ്ഞെടുക്കുന്നത്?<br>പീലിയുടെ ഗ്രാമത്തിലെ കുട്ടികളും ഇത്തരം വിനോദങ്ങളിലാണോ ഏർപ്പെടാറുള്ളത്?<br>പേജ് 21,22 വായന<br>നിങ്ങൾക്ക് നീന്തൽ അറിയാമോ?<br>നീന്തൽ അറിയുന്നതുകൊണ്ട് എന്തെല്ലാം ഗുണങ്ങൾ ഉണ്ട്?<br>ചർച്ച<br>എനർജി<br>ഡി-സ്ട്രെസർ (ഉത്കണ്ഠയും വിഷാദവും കുറയ്ക്കാൻ സഹായിക്കുന്നു)<br>രക്തസമ്മർദ്ദത്തിലും കൊളസ്ട്രോളിന്റെ അളവിലും നല്ല സ്വാധീനം ചെലുത്തുന്നു.<br>ശരീരത്തിലെ ഉപയോഗിക്കാത്ത പേശികളിൽ ഭൂരിഭാഗവും ഉപയോഗിക്കുന്നു.<br>കലോറി കത്തിക്കുന്നു.<br>സുരക്ഷിതമായ വ്യായാമം<br>ആസ്തമയ്ക്ക് നല്ലത്<br>മൂഡ് ചെയ്ഞ്ചർ<br>ചർമ്മത്തിന് ഉത്തമം<br>ഓൾ - സീസൺ<br>നിങ്ങളുടെ വിനോദങ്ങളും പീലിയുടെ ഗ്രാമത്തിലെ വിനോദങ്ങളും താരതമ്യം ചെയ്യൂ...<br>താരതമ്യകുറിപ്പ് തയ്യാറാക്കൽ<br>അവതരണം<br>ഇത്തരം വിനോദങ്ങളിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകും?<br>മാനസികോല്ലാസത്തോടൊപ്പം കായികാരോഗ്യവും ലഭിക്കുന്നു.<br>സംഘബോധം ഉണ്ടാകുന്നു.<br>കാളപൂട്ട് മത്സരങ്ങൾ അവരുടെ തൊഴിലുമായി (കൃഷി) ബന്ധപ്പെട്ടിരിക്കുന്നു.<br>കൃഷിക്കായി ഭൂമി ഒരുക്കുന്നതിന് ഇത്തരം വിനോദങ്ങളിലൂടെ കഴിയുന്നു.<br>ആചാരങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ട ആഘോഷങ്ങളിലെല്ലാം ഒരുമയുടെ സന്ദേശം കാണാം.<br>നിങ്ങളുടെ നാട്ടിലും വിവിധതരം ഉത്സവങ്ങൾ നടക്കാറില്ലേ?<br>ഉത്സവങ്ങൾ, പെരുന്നാൾ, ഉറൂസ്, മേളകൾ,കായിക മത്സരങ്ങൾ തുടങ്ങിയ ആഘോഷങ്ങളെ കുറിച്ച് മുതിർന്നവരോട് ചോദിച്ച് ഒരു വിവരണം തയ്യാറാക്കുക.<br><br>മുതിർന്നവർക്കൊപ്പം അവ കാണാൻ പോയതിന്റെ അനുഭവവും ക്ലാസിൽ പങ്കുവെയ്ക്കൂ.... | |

| | |
|---|---|
| പീലിയും കൂട്ടുകാരും നിങ്ങളും ഗ്രാമത്തിലെ കാഴ്ചകൾ എല്ലാം കണ്ട് രാത്രി തിരിച്ചുവരികയാണ്. ഈ നേരത്ത് നമുക്ക് ഒരു പാട്ടുണ്ടാക്കി പാടിയാലോ?'എന്റെ ഗ്രാമം' എന്ന പേരിൽ ഒരു പാട്ട് ഉണ്ടാക്കാം? നിങ്ങൾ കണ്ടിട്ടുള്ള ഗ്രാമങ്ങളും പീലിയുടെ ഗ്രാമവും ഒക്കെ ഉൾക്കൊള്ളുന്ന രീതിയിൽ ഒരു പാട്ടെഴുതി ക്ലാസിൽ സ്വന്തം താളത്തിനനുസരിച്ച് പാടി അവതരിപ്പിക്കൂ...<br>എല്ലാ ദിവസവും നിങ്ങൾ ആകാശക്കാഴ്ച കാണാറുണ്ടോ?<br>എന്തെല്ലാം കാഴ്ചകളാണ് നിങ്ങൾ കാണുക? നമുക്ക് അതൊന്ന് വരച്ചു നോക്കിയാലോ?<br>'എന്റെ രാത്രിയും ആകാശവും ' ചിത്രപ്രദർശനം നടത്തുന്നു.<br>**വ്യക്തിഗത അഭിപ്രായം**<br>പേജ് 23,24 വായന<br>നിങ്ങൾക്കൊപ്പം പീലിയുടെ ഗ്രാമത്തിൽ വന്ന കൂട്ടുകാർ അവരുടെ അഭിപ്രായം പങ്കുവച്ചല്ലോ. നിങ്ങൾക്കും പീലിയുടെ ഗ്രാമത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ ഉണ്ടാവില്ലേ? ഗ്രാമക്കാഴ്ച നിങ്ങളെ എങ്ങനെയെല്ലാം സ്വാധീനിച്ചു? കുറിപ്പ് തയ്യാറാക്കൂ...<br>യാത്രാനുഭവം പങ്കുവയ്ക്കൽ<br>പീലിയുടെ ഗ്രാമത്തിലേക്ക് പുറപ്പെടും മുമ്പ് നിങ്ങൾക്കുണ്ടായിരുന്ന ധാരണകൾ എന്തെല്ലാം?<br>സ്വതന്ത്ര പ്രതികരണം<br>നിങ്ങളുടെ ധാരണകൾ എല്ലാം ശരിയായിരുന്നോ?നിങ്ങൾ ഇപ്പോൾ പല മുൻധാരണകളും ഉപേക്ഷിച്ചില്ലേ?<br>നിങ്ങളുടെ അനുഭവമാണോ പീലിയുടെ മറ്റ് കൂട്ടുകാർക്കും ഉണ്ടായത്?<br>ടി ബി പേജ് 25 വായന<br>നാലുപേരും അവരുടെ മുൻധാരണ തിരുത്തി പറഞ്ഞത് നിങ്ങൾ കേട്ടില്ലേ?<br>പീലിയുടെ ഗ്രാമത്തിലൂടെ നിങ്ങളും സഞ്ചരിച്ചുവല്ലോ. ഈ യാത്രയ്ക്കിടയിൽ നിങ്ങൾക്ക് എന്തെല്ലാം പുതിയ അറിവുകളാണ് ഉണ്ടായത് നിങ്ങളുടെ അനുഭവം കൂട്ടുകാരോട് പങ്കുവയ്ക്കൂ..<br>തുടർ പ്രവർത്തനങ്ങൾ<br>ഗ്രാമ- നഗരപ്രദേശങ്ങളുടെ പ്രത്യേകതകൾ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക<br><br>നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ സാമൂഹിക സവിശേഷതകൾ ഉൾപ്പെടുന്ന ഒരു വീഡിയോ ഡോക്യുമെന്ററി ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കുക<br><br>'എന്റെ നാട്ടിലെ ഉല്ലാസങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക | |

| | |
|---|---|
| സെമിനാറിൽ ഉൾപ്പെടുത്തേണ്ടവ<br><br>പരിസ്ഥിതി ഭക്ഷണരീതികൾ കൃഷി മാർക്കറ്റ് കളികൾ, കളിസ്ഥലങ്ങൾ ആഘോഷങ്ങൾ രാത്രികാല കാഴ്ചകൾ | |